പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 309      09.03.2015-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.പാലോട് രവി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സ്പോർട്സ് വകുപ്പിന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. അനുയോജ്യമായ കായിക പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഹൃദയ-ശ്വസനക്ഷമതാ പരിപാടികളിൽ, പങ്കെടുക്കുന്ന 9 നും 17 നും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടേയും കൗമാരക്കാരുടേയും അനുപാതം 90%-ൽ അധികമാക്കുക.<br>2. ദിവസേനയുള്ള കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന 9 നും 17 നും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടേയും കൗമാരക്കാരുടേയും അനുപാതം 60% -ൽ അധികമായി ഉയർത്തുക.<br>3. കുട്ടികളുടേയും കൗമാരക്കാരുടേയും ആരോഗ്യ സംബന്ധമായ കായികക്ഷമത ശാസ്ത്രീയമായും വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠനക്രമം സ്ഥാപിക്കുക. 9 നും 17 നും ഇടയ്ക്കു പ്രായമുള്ള 100% കുട്ടികളും ഇത്തരം പരിശോധനാ പരിപാടിയിൽ പങ്കെടുക്കുന്നു എന്നുറപ്പുവരുത്തുക.<br>4. സ്കൂൾ കുട്ടികളുടെ ആരോഗ്യ സംബന്ധമായ കായികക്ഷമത ശാസ്ത്രീയമായും, വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠനക്രമം വികസിപ്പിക്കുക.<br>5. കായികക്ഷമത ആവശ്യമുള്ള അവസരങ്ങളിൽ ഔദ്യോഗികമായി അംഗീകാരം നേടുന്നതിന് പ്രചോദനം നൽകുന്ന വിധം ഗ്രേഡിംഗ് രീതി വികസിപ്പിക്കുക. |

6. ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള നിലവാരത്തിന് താഴെയുള്ളവരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.
7. വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ ടീച്ചേഴ്സ് ഗൈഡും, ദൃശ്യസഹായികളും വികസിപ്പിച്ചെടുക്കുക.
8. സ്കൂളുകളിലും കോളേജുകളിലും കായികക്ഷമതാ ക്ലബ്ബുകൾ സ്ഥാപിയ്ക്കാനാവശ്യമായപ്രായോഗികനിർദ്ദേശങ്ങൾ വികസിപ്പിയ്ക്കുക.
9. സ്കൂളിലും വീട്ടിലും സമൂഹത്തിലും കുട്ടികളുടെയും, യുവാക്കളുടെയും കായികപ്രവർത്തനസ്വഭാവം കണ്ടെത്തുക.
10. സ്കൂളുകളിലും, കലാലയങ്ങളിലുമുള്ള വിദ്യാർത്ഥികളുടെ, ആരോഗ്യം അപകടപ്പെടുത്തുംവിധമുള്ള പെരുമാറ്റ രീതികളെ അഥവാ ശീലങ്ങളെ മുൻഗണനാക്രമത്തിൽ കണ്ടറിഞ്ഞു നിയന്ത്രിക്കുക.

| | | | |
|---|---|---|---|
| (സി) | കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | കളിസ്ഥലങ്ങളുടെ നിർമ്മാണവും, വികസനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ;? | (ഡി) | 2013-14, 2014-15 വർഷങ്ങളിൽ പദ്ധതിയുടെ ഭാഗമായി കായികക്ഷമതാ പരിശീലന പരിപാടികൾ നടക്കുകയുണ്ടായില്ല. ഇത് സമയബന്ധിതമായി നടത്തി വിവരശേഖരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ